വിഷ വിമുക്തമായ പച്ചക്കറി ഉൽപ്പാദനം

131 (3099) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷ വിമുക്തമായ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാകുക എന്നത് ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുവരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) കൃഷി വകുപ്പ് മുഖേന സബ്സിഡി നിരക്കിൽ ഗ്രോ ബാഗുകൾ ഗുണഭോക്താക്കൾക്ക് നൽകുന്നതിന്റെ കൂടെ സസ്യങ്ങളുടെ പരിപാലനത്തെയും വളപ്രയോഗത്തെയുംകുറിച്ചുള്ള ഒരു കുറിപ്പ് കൂടി നൽകുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) വിഷ വിമുക്തമായ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാകുക എന്ന ലക്ഷ്യത്തോടെ 2012-13 മുതൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവ രീതിയിലുള്ള കൃഷിയ്ക്ക് പ്രാമുഖ്യം നൽകി കൊണ്ടും രാസകീടനാശിനികൾ ഒഴിവാക്കി പരമാവധി ജൈവ രീതിയിലുള്ള രോഗ കീട നിയന്ത്രണത്തിന് ഊന്നൽ നൽകിക്കൊണ്ടുമാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. 2014-15-ൽ ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പച്ചക്കറി വികസന പദ്ധതി - ഘടകങ്ങൾ	തുക (ലക്ഷത്തിൽ)
(1)	(2)	(3)
1.	പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക :- 20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നൽകി യിട്ടുണ്ട്. കൂടാതെ 181.82 ലക്ഷം പച്ചക്കറി തൈകളും കൃഷിയ്ക്കായി വിതരണം ചെയ്തു.	500
2.	അർബൻ കുസ്സർ പ്രോത്സാഹനം:- 2000 രൂപ വിലയുള്ള 34784 ഗ്രോബാഗ് യൂണിറ്റുകൾ 75 ശതമാനം സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിയ്ക്കായി വിതരണം ചെയ്തു.	525

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3.	<u>വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി :-</u> (എ) തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000 രൂപ സഹായധനം (100 ലക്ഷം) (ബി) വിദ്യാലയങ്ങളിൽ 400 ജലസേചന യൂണിറ്റുകൾ (40 ലക്ഷം) (സി) 2500 വിദ്യാലയങ്ങളിൽ ക്ലബുകളുടെ പ്രവർത്തനം (25 ലക്ഷം) (ഡി)പ്രോജക്ടടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി (135 ലക്ഷം)	300
4.	<u>ജില്ലാ ക്ലസ്റ്റർ വികസനം :</u> (എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 800 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനം (ക്ലസ്റ്ററിന് 75,000 രൂപ നിരക്കിൽ ആകെ 600 ലക്ഷം) (ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (ഹെക്ടറിന് 15,000 രൂപ നിരക്കിൽ) വികസന സഹായം (435 ലക്ഷം) (സി) പമ്പ് സെറ്റുകൾ 1720 പമ്പ് സെറ്റുകൾക്ക് 10,000 രൂപ നിരക്കിൽ സഹായധനം. (ഡി) സസ്യസംരക്ഷണ ഉപാധികൾ 1000 യൂണിറ്റിന് 1500 രൂപ നിരക്കിൽ സഹായധനം. (ഇ) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ (എഫ്) തരിശുനില കൃഷി ഹെക്ടറിന് 30,000 രൂപ നിരക്കിൽ 500 ഹെക്ടറിന് ധനസഹായം. (ജി) പ്രസിദ്ധീകരണങ്ങൾ/മാധ്യമങ്ങൾ വഴി 20 രൂപ വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം.	1780

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
5.	'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം : (എ) നടപ്പുവർഷത്തിലെ 100 പ്രവർത്തനക്ഷമ മായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാന ത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം . (ബി) 2013-14-ൽ ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം. (സി) ഗ്രേഡ് ചെയ്യപ്പെടാത്ത കാര്യക്ഷമമായ 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ നിരക്കിൽ ഉല്പാദനത്തിനും വിപണനത്തിനുമുള്ള ധനസഹായം.	1730
6.	സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം : തെരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധ നയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വളപ്രയോഗം.	50
7.	ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ - 2013-14, 2014-15 രൂപീകരിക്കപ്പെട്ട 40 ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സംഭരണ വിപണന സഹായധനം.	400
8.	കിഴങ്ങു പയറുവിള വികസനം : (എ) കിഴങ്ങുവിള വികസനം - 75 ലക്ഷം രൂപ സി.റ്റി.സി.ആർ.ഐ. മുഖേന. (പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ) (ബി) പയറുവിള വികസനം (25 ലക്ഷം രൂപ) ഹെക്ടറിന് 10,000 രൂപ നിരക്കിൽ 250 ഹെക്ടറിന് സഹായം - (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളിൽ)	100
9.	നഴ്സറികളുടെ സ്ഥാപനം - ബ്ലോക്കുതലത്തിൽ 5 ലക്ഷം രൂപ ധനസഹായം നൽകി 15 നഴ്സറികൾ.	75
10.	മഴമറകൾ - 75% നിരക്കിൽ 200 മഴമറകൾക്ക് 50,000 രൂപ വീതം ധനസഹായം.	100
11.	സങ്കരവിത്തിനങ്ങളുടെ പ്രദർശനത്തോട്ടം - 225 യൂണിറ്റുകൾക്ക് ധനസഹായം.	25
12.	സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും- 1400 യൂണിറ്റുകൾക്ക് 30,000 രൂപ വീതം ധനസഹായം നൽകുന്നു.	425

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
13.	മാനന്തവാടി ബ്ലോക്കിലെ ആദിവാസി ഊരുകളിൽ ജൈവ പച്ചക്കറി കൃഷി	7.62
14.	മാധ്യമങ്ങൾ വഴിയുള്ള വിത്ത് വിതരണം-മലയാള മനോരമ, മാതൃഭൂമി എന്നിവ മുഖേന 5 ലക്ഷം വിത്ത് പാക്കറ്റുകൾ കൃഷിക്കായി വിതരണം ചെയ്തു.	100
15.	എൻ.ജി.ഒ.-കൾ മുഖേന വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി 20 രൂപയുടെ 2.5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ നൽകി.	50

ജൈവ രീതിയിലുള്ള പച്ചക്കറി കൃഷിയെക്കുറിച്ചും സുരക്ഷിതമായ രീതിയിലുള്ള കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളെപ്പറ്റിയും കർഷകർക്കും, വിദ്യാർത്ഥികൾക്കും അവബോധം വളർത്തുന്നതിനായി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറി കൃഷിക്ക് ഒരു മാർഗ്ഗരേഖ' എന്ന കൈപുസ്തകം സംസ്ഥാനത്തെ സ്കൂളുകളും, കൃഷി ഭവനുകളും വഴി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കർഷകർക്കും വിദ്യാർത്ഥികൾക്കും വിവിധ തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സുരക്ഷിത പച്ചക്കറി കൃഷി സംബന്ധിച്ച് ലഘുലേഖകളും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി ഇതിനായി നടപ്പിലാക്കിവരുന്നു. കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 46 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കഴിഞ്ഞ 3 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറി കൃഷി എളുപ്പമാകംവിധം പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആസ്ഥാനത്ത് 'കൃഷി ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ ഒരു നഴ്സറി പ്രവർത്തിച്ചുവരുന്നു. ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവവളങ്ങൾ, പൂച്ചെടികൾ, ജൈവരോഗകീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയും ഇവിടെ നിന്നും വിതരണം ചെയ്യുവരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി ഒരു കോടിയിൽപ്പരം പച്ചക്കറിതൈകൾ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2004 മുതൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാളിതുവരെ 16600-ൽപ്പരം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്.

(ബി) സബ്സിഡി നിരക്കിൽ ഗ്രോബാഗുകൾ നൽകുന്നതിനൊപ്പം തന്നെ ഗുണഭോക്താക്കൾക്ക് കൃഷി രീതികളെക്കുറിച്ചും, പരിപാലനം, വളപ്രയോഗം, രോഗകീടനിയന്ത്രണം എന്നിവയെക്കുറിച്ചും കൃഷി ഭവൻ തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് നടത്തിവരുന്നുണ്ട്. കൂടാതെ പച്ചക്കറി കൃഷി സംബന്ധിച്ച് ലഘുലേഖകളും ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറി കൃഷിക്ക് ഒരു മാർഗ്ഗരേഖ' എന്ന കൈപുസ്തകം നൽകിവരുന്നുണ്ട്.

നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ

132 (3100) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപാദനത്തിന്റെ വിഷയത്തിൽ എക്സൈസ് വകുപ്പും കൃഷിവകുപ്പും തമ്മിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ നിയമനിർമ്മാണത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

ആറളം ഫാമിംഗ് കോർപ്പറേഷൻ

133 (3101) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം ഫാമിംഗ് കോർപ്പറേഷന്റെ ഭൂമിയിൽ നിലവിൽ ഏതെല്ലാം കൃഷികളാണ് നടത്തുന്നത് ; ഹോർട്ടികൾച്ചർ മിഷൻ എത്ര ഏക്കർ ഭൂമിയിൽ എന്തെല്ലാം കൃഷി നടത്തുന്നുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly